**കേരള സർക്കാർ**

<u>സംഗ്രഹം</u>

ശ്രീ. ജസ്റ്റിസ് കെ.റ്റി.തോമസ് ചെയർമാനായി രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷനിൽ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ "2014-00-800-80" എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.3677 /2018/ധന.** തിരുവനന്തപുരം, തീയതി **25/04/2018**

---

പരാമർശം:-
1. ഭരണ വകുപ്പ ഫയൽ നം. 16175/സ്പെ.സെൽ 2017/നിയമം
2. സ.ഉ (എം.എസ്) നം.45/2017/നിയമം തീയതി 09.03.2017
3. 15/12/2017 ലെ സ.ഉ (എം.എസ്) നം.150/2017/നിയമം
4. 16.08.2017 ലെ സ . ഉ (സാധാ) 6431/2017/ ധന
5. സ.ഉ. (സാധാ) നം. 1885/2018/ധന. തീയതി 12.03.2018

**<u>ഉത്തരവ്</u>**

ശ്രീ. ജസ്റ്റിസ് കെ. റ്റി. തോമസ് ചെയർമാനായി പരാമർശം 2 പ്രകാരം രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന അഡീഷണൽ നിയമ സെക്രട്ടറിയെ "2052-00-092-81" എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകണമെന്ന് ഭരണവകുപ്പ് പരാമർശത്തിലെ ഫയലിലൂടെ ആവശ്യപ്പെട്ടതിൻപ്രകാരം പരാമർശം 5-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി ഡി ഒ-യെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 3-ലെ ഉത്തരവ് പ്രകാരം നിയമ പരിഷ്കരണ കമ്മീഷനിൽ സൃഷ്ടിച്ച ജോയിന്റ് സെക്രട്ടറിയുടെ തസ്തികയിൽ നിയമ വകുപ്പിൽ നിന്നുള്ള ഒരു ജോയിന്റ് സെക്രട്ടറിയെയാണ് നിയമിച്ചിരിക്കുന്നതെന്നും, പരാമർശം 4 പ്രകാരം നിയമനിർമ്മാണ കമ്മീഷന്റെ ചെലവുകൾ "2014-00-800-80" എന്ന ശീർഷകത്തിൽ നിന്നുമാണ് വകയിരുത്തേണ്ടതെന്നും ഉത്തരവായിരുന്നു. പരാമർശം 5-ലെ ഉത്തരവിൽ മേൽപറഞ്ഞ രണ്ടു വ്യത്യാസം ഉൾപ്പെടുത്തി ഉത്തരവ് ഭേദഗതി വരുത്തണമെന്ന് ഭരണവകുപ്പ് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ജസ്റ്റിസ് കെ. റ്റി. തോമസ് ചെയർമാനായി രൂപീകരിച്ച കമ്മീഷനിൽ **നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ "2014-00-800-80"** എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം 5-ലെ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

നിയമ (സ്പെഷ്യൽ സെൽ) വകുപ്പ് (file No: 16175/സ്പെ.സെൽ 2017/നിയമം പ്രകാരം)

ധനകാര്യ (എക്സ്പെഡിച്ചർ -എ) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ